# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.17-929/22 dtd 17-06-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.17-929/22 dtd 17-06-2022 തീയ്യതി: 17/06/2022

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2019 മുതൽ 21-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 22-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. - ഓഡിറ്റ് ഓഫീസർ
രമാദേവി.കെ.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ
അനില. സി.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
സന്ദീപ്. കെ.വി -ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശ്രീമതി.ജിൻസി.എസ്.** | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.ജയകുമാർ.എസ്.(ഹെഡ്ക്ലാർക്ക് -ഇൻ ചാർജ്) | സെക്രട്ടറി | 01-04-2019 | 09-04-2019 |
| ശ്രീമതി.സുനിത.സി.വി.(അസി. സെക്രട്ടറി-ഇൻ ചാർജ്) | സെക്രട്ടറി | 10-04-2019 | 25-04-2019 |
| ശ്രീ.ജയദാസ്.കെ. | സെക്രട്ടറി | 26-04-2019 | 29-04-2019 |
| ശ്രീ.സുനിത.സി.വി.(അസി. സെക്രട്ടറി-ഇൻ ചാർജ്) | സെക്രട്ടറി | 30-04-2019 | 06-05-2019 |
| ശ്രീ.ജയദാസ്.കെ. | സെക്രട്ടറി | 07-05-2019 | 11-02-2020 |
| ശ്രീമതി.സുനിത.സി.വി(അസി. സെക്രട്ടറി-ഇൻ ചാർജ്) | സെക്രട്ടറി | 12-02-2020 | 12-03-2020 |
| ശ്രീ.ജയദാസ്.കെ. | സെക്രട്ടറി | 13-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സ്മിത സാമുവൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ധനേഷ്.ടി.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സന്തോഷ്.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ഫാത്തിമ രഹ്ന | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.അനൂപ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശാന്ത.ടി.എസ്. | പ്രധാന അദ്ധ്യാപിക | 01-03-2019 | 31-03-2020 |
| ശ്രീ.ജിമ്മി ജോർജ്ജ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതീ.സരസ്വതി.എൻ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുനിത.സി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.രാധിക.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sandeep KV (Auditor, On 31-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-2-1 |
| 4 | സാമ്പത്തിക നില<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 23-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 23-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.S.Anila (Senior Grade Auditor, On 07-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sandeep KV (Auditor, On 31-03-2022)<br>Last Updated By: Sandeep KV (Auditor, On 31-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 23-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-10 |
| 12 | തൊഴിൽ നികുതി<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-11 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-11-1 |
| 14 | റേഷൻ കടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-11-2 |
| 15 | ലൈസൻസ് ഫീസ്<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Sandeep KV (Auditor, On 29-03-2022) | 1-12 |
| 16 | ലൈസൻസ് ഇല്ലാതെ അനേകം വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Sandeep KV (Auditor, On 29-03-2022) | 1-12-1 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച | 1-12-2 |

| | | |
|---|---|---|
| | Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | |
| 18 | റേഷൻ കടകൾ, കള്ള ഷോപ്പുകൾ എന്നിവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-12-3 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-13 |
| 20 | വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-14 |
| 21 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 28-03-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 28-03-2022) | 1-15 |
| 22 | പാലക്കുഴി ജലവൈദ്യുതപദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-16 |
| 23 | സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നു<br>Written By: P. Sujatha (Audit Officer, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-17 |
| 24 | ഹരിതകർമ സേനയുടെ പ്രവർത്തനം -എം സി എഫ് കെട്ടിടം ഉപയോഗിക്കുന്നില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-18 |
| 25 | മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-19 |
| 26 | ആയുർവേദ സിദ്ധ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: Sandeep KV (Auditor, On 31-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-20 |
| 27 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 04-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-21 |
| 28 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 04-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-22 |
| 29 | ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 04-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-23 |
| 30 | ശുചിത്വമിഷൻ ഫണ്ട് തനതുഫണ്ടിൽ ശേഷിക്കുന്നു<br>Written By: C.S.Anila (Senior Grade Auditor, On 04-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-24 |
| 31 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-25 |
| 32 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022) | 1-26 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 17-06-2022) | |
| 33 | ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 06-04-2022) | 1-27 |
| 34 | പാലിയേറ്റീവ് കെയർ വാഹനം - ലോഗ് ബുക്ക് പരിപാലനം.<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-28 |
| 35 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-29 |
| 36 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 07-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-30 |
| 37 | നെൽകൃഷിയ്ക്ക് ഉഴവുകൂലി - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 06-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-31 |
| 38 | എ.ബി.സി പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-32 |
| 39 | ജൈവ വൈവിധ്യ പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 18-04-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-33 |
| 40 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-34 |
| 41 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-35 |
| 42 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-36 |
| 43 | പഞ്ചായത്ത് ആസ്തികൾ - പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-37 |
| 44 | പകൽവീട്<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-37-1 |
| 45 | കല്ലൂർ മുക്കാട്ട്കുന്ന് എസ്.സി. വനിത തൊഴിൽശാല<br>Written By: P. Sujatha (Audit Officer, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-37-2 |
| 46 | മുക്കാട്ടുകുന്ന് എസ്.സി. സാമൂഹ്യ പഠന കേന്ദ്രം<br>Written By: P. Sujatha (Audit Officer, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-37-3 |
| 47 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 1-38 |
| 48 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ് നടത്തുന്നില്ല | 1-39 |

| | | |
|---|---|---|
| | Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 28-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: P. Sujatha (Audit Officer, On 07-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നല്കിയ തുക<br>Written By: Ramadevi.K.R (Senior Grade Auditor, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 29-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 07-03-2022)<br>Last Updated By: Haseena KU (Computer Assistant, On 17-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ കണക്ക്-വിവിധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

27-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈസ്ഡ് ബജറ്റ് 14 .03 .20 ന് അവതരിപ്പിച്ചിട്ടുണ്ട്

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2230510 |
| തൻവർഷം വരവ് | 195936739 |
| ആകെ വരവ് | 198167249 |
| ചെലവ് | 195616739 |
| നീക്കിയിരിപ്പ് | 2550510 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 23-05-2020 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

വർഷിക കണക്കുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

1. വികസന ഫണ്ട് ജനറൽ, മെയിന്റനെൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിവയിലെ ചെലവ് വാർഷിക കണക്കിലേതും ACR ലേതുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ACR പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 8606387 | 8476924 | 129463 |
| മെയിന്റെൻസ് ഗ്രാന്റ് റോഡ് | 4411986 | 3766451 | 645535 |
| മെയിന്റെൻസ് ഗ്രാന്റ് | 2529871 | 1944440 | 585431 |

| | | | |
|---|---|---|---|
| നോൺ റോഡ് | | | |

2. ലോൺ രജിസ്ററർ പ്രകാരം വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി.പി) എന്നിവയിൽ നിന്നും ലൈഫ് പദ്ധതിയ്ക്കുള്ള ലോൺ തിരിച്ചടവിനുള്ള തുക ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇതിൽ വികസന ഫണ്ട് ജനറലിൽ നിന്നു മാത്രമാണ് ജി. ഓ പ്രോജക്റ്റ് ചെലവ് പത്രികയിൽ ചേർത്തിട്ടുള്ളത്. എസ്. സി.പി ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുകയ്ക്ക് പ്രോജക്റ്റില്ല. ഈയിനത്തിലെ തിരിച്ചടവ് തുകകളിൽ വ്യത്യാസം ഉണ്ട്.

3. ഗ്രാമവനം, ജൈവവൈവിധ്യ പദ്ധതി എന്നിവയുടെ 19-20 ലെ ചെലവുകൾ കുറവാക്കാത്ത തുകയാണ് B4 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി തുകകൾ യഥാർത്ഥ നീക്കിയിരിപ്പുമായി RP 40(b), B-19 എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ബി.ആർ.ജി.എഫ്. ഫണ്ടിലെ 19-20 ലെ 85256 രൂപയുടെ ചെലവ് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല, ഇതു മൂലം B4 ലെ നീക്കിയിരിപ്പ് തുകയുമായി ചെലവ് രേഖകൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

5. E-payment നായി AFS പ്രകാരമുള്ള രണ്ട് അക്കൗണ്ടുകളിൽ SBI E-payment അക്കൗണ്ട്-28733 യിൽ ഇടപാടുകൾ ഇല്ല എന്ന് കാണുന്നു. ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. B-18 ഷെഡ്യൂളിലും അഡ്വാൻസ് രജിസ്റ്ററിലും ഉൾപ്പെട്ട Advance To Implementing Officers(460500501) 39260 രൂപ, Temporary Advance For Official Purposes(460100103) 85838 രൂപ എന്നിവ ക്രമീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | ₹ 19478966 |
| വരവ് | ₹ 57484209 |
| ആകെ | ₹ 76963175 |
| ചെലവ് | ₹ 60786182 |
| നീക്കിയിരിപ്പ് | ₹ 16176993 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | - | 9141235 | 9141235 | 8476924 | 664311 |
| വികസനഫണ്ട് എസ്.സി.പി | - | 9873882 | 9873882 | 7080976 | 2792906 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | - | 11026000 | 11026000 | 3766451 | 7259549 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 3251000 | 3251000 | 1944440 | 1306560 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | - | 7683894 | 7683894 | 4895587 | 2788307 |

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹26164378 വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

(*) ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹911765/- വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ₹44118/- വികസന ഫണ്ട് എസ്.സി.പി. വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്. ശേഷിക്കുന്ന അലോട്ട്മെന്റ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1286025 | 725763 | 2011788 | 967148 | 1044640 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2017 | 1737698 | 1739715 | 1738470 | 1245 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 22143351 | 22143351 | 22143351 | 0 |
| ആകെ | 2017 | 23881049 | 23883066 | 23881821 | 1245 |

*3. ശുചിത്വ ഫണ്ട്*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1321474 | 0 | 1321474 | 1103590 | 217884 |
| ടി.എസ്.സി. | 510089 | 0 | 510089 | 0 | 510089 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 6000000 | 6000000 | 6000000 | 0 |
| ഗ്രാമവനം | 97439 | 0 | 97439 | 649 | 96790* |
| ജലനിധി | 7750973 | 1647852 | 9398825 | 2478177 | 6920648 |
| ജൈവവൈവിധ്യം | 419419 | 0 | 419419 | 649 | 418770** |

*ഗ്രാമവനം - പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ₹96790/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക (B-4) ബാലൻസ് ₹100000/- ആണ്.

** ജൈവവൈവിധ്യം - പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ₹418770/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക (B-4) ബാലൻസ് ₹366661/- ആണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 88248827 | 87 | 40943315 | --- | 63 | 58 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 7125927 | 3455410 | 48.4 |
| വി.ഇ.ഒ. | 16 | 14 | 34728953 | 14290211 | 41.14 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 5559824 | 4572636 | 82.2 |
| സെക്രട്ടറി | 13 | 8 | 4742082 | 2111525 | 44.5 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 92 | 41 | 31139624 | 13279412 | 42.6 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 814832 | 603121 | 74.01 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 951000 | 151000 | 15.8 |
| പ്രധാന അധ്യാപകൻ | 1 | 1 | 600000 | 600000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 550000 | 400000 | 72.7 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 1336585 | 780000 | 58.35 |
| ആകെ | 150 | 87 | 88248827 | 40943315 | 46.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2017 | 1737698 | 1739715 | 1738470 | 1245 |
| തൊഴിലാളികളുടെ വേതനം | 0 | 22143351 | 22143351 | 22143351 | 0 |
| ആകെ | 2017 | 22881049 | 23883066 | 23881821 | 1245 |

## 1-7 ക്ഷേമപദ്ധതികൾ

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1432800 | 371 |
| വിധവാപെൻഷൻ | 2452200 | 683 |
| വാർദ്ധക്യകാലപെൻഷൻ | 4915200 | 1345 |
| വികലാംഗപെൻഷൻ | 736800 | 201 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |
| അവിവാഹിത പെൻഷൻ | 244800 | 65 |
| തൊഴിലില്ലായ്മ വേതനം | 93000 | 77 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-02-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41128/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ - വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്തിലെ പകൽവീട്, എസ്.സി.വനിതാ തൊഴിൽശാല, എസ്.സി. സാമൂഹ്യ പഠന കേന്ദ്രം എന്നിവ നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹26164378/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.2.22, 14.2.22 | 1/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2019 - To 27.12.2019 | 2014-15 To 2018-19 | LBA(HQ)III/1 /8A-101 /2019-2020/662 Dt.14.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി റിപ്പോർട്ട്) | 26.12.2019 | 2017-18 | LBA(HQ)III/1 /8B-90 /2019-20/660 Dt.14.1.2020 |

അക്കൗണ്ടന്റ് ജനറലിന്റെ 2014-15 To 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക കൾ ഭാഗം II ബിയിലെ I, Ii എന്നീ ഖണ്ഡികകളും ഭാഗം ബി- IVലെ (I), (iii), (Iv) എന്നീ ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-4 എന്ന ഖണ്ഡിക തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

## 1-11 തൊഴിൽ നികുതി

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികയിൽ ചേർക്കുന്നു.

### 1-11-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അമ്മിണി കോളേജ് | 1&2 |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് കല്ലൂർ | 1 |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് മങ്കര | 1&2 |
| 4 | മകം ബിൽഡിംഗ് പ്രോഡക്റ്റ് | 1&2 |
| 5 | പാലോട് ക്ഷീരസഹകരണസംഗം | 2 |
| 6 | കണ്ണംപരിയാരം ക്ഷീരോത്പ്പാദന സഹകരണസംഗം | 2 |
| 7 | ജി എസ് സദൻ പാതിരിപ്പാല | 1&2 |
| 8 | ഗ്രാനൈറ്റ് വേൾഡ് | 1&2 |
| 9 | അൽ അമീൻ വുഡ് ഇൻഡസ്ട്രീസ് | 1&2 |

| | | |
|---|---|---|
| 10 | ആയുർവേദ മന | 1&2 |
| 11 | എനർജി ട്രീറ്റ്മെന്റ് സെന്റർ | 1&2 |
| 12 | ഒമേഗ മാച്ച്ഇൻഡസ്ട്രീസ് | 1&2 |
| 13 | എച്ച ഐ ക്ലെയ്ടെക് | 1&2 |

മേൽ സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം 9/26.2.2022 ന് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11-2 റേഷൻ കടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനായി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ അടവാക്കിയിട്ടില്ല. റേഷൻകടകളുടെ സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് ഫീസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമ പ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1-12-1 ലൈസൻസ് ഇല്ലാതെ അനേകം വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 230 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 139എണ്ണം മാത്രമാണ്. 91 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. ഇവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി അനുവാദമില്ലാതെ യാതൊരു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിയും വിധം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്.

1-12-2 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രജിസ്റ്റർ, അപേക്ഷകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

*പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

*പഞ്ചായത്തിൽ ഉള്ള മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധന നടത്തി

രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതാണ്.

1-12-3 റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും (പട്ടിക 1 ക്രമനം 149) അബ്കാരി ഷോപ്പുകളെയും (പട്ടിക 1 ക്രമനം 139) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ , കള്ള് ഷോപ്പുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയറിലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 14 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ ഉടമകൾ വർഷങ്ങളോളമായി നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 5/444 | റിലയൻസ് ടവർ | 2013 | 7258 | 65322 |
| 2 | 5/488 | ബി എസ് എൻ എൽ | 2013 | 6300 | 56700 |
| 3 | 6/5 | ബി എസ് എൻ എൽ | 2013 | 4165 | 37485 |
| 4 | 6/438 | റിലയൻസ് ടവർ | 2016 | 5250 | 31500 |
| 5 | 7/498 | ബി എസ് എൻ എൽ | 2013 | 3938 | 35442 |
| 6 | 9/401 | കെ കെ ചാമുണ്ണി(CNIL) | 2013 | 7980 | 28300 |
| 7 | 14/370 | ബി എസ് എൻ എൽ | 2013 | 2888 | 25992 |

വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം 13/7.3.2022 ന് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

*മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കേണ്ടതാണ്.

*ഒടുക്കിയ തുക സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-14 വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക ഈടാക്കേണ്ടതാണ്

കുടിവെള്ള പദ്ധതി പേര് : കോട്ട -കാരാട്ടുപറമ്പ കുടിവെള്ളപദ്ധതി

മങ്കര ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 171 ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷനുകൾ ഉണ്ട്. എന്നാൽ 10 ൽ താഴെ ഗുണഭോക്താക്കൾ മാത്രം സ്ഥിരമായി വെള്ളക്കരം അടവാകുന്നുള്ളൂ എന്ന് ബോധ്യപ്പെട്ടു.

2019-20 സാമ്പത്തിക വർഷത്തെ വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ബാലൻസ് |
|---|---|
| വാട്ടർ ചാർജ്ജ്(തൻവർഷം) | 43768/- |
| കുടിശ്ശിക | 207106/- |
| ആകെ | **250874**/- |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 19/8.3.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-15 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ പ്രതിമാസം 90000 രൂപയിലധികം ചെലവുണ്ട്.പത്തിരിപ്പാല , പറളി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്കാണ് തുക അടവാക്കുന്നത്. തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല എന്നാണ് ബില്ലുകളിൽ നിന്നും വ്യക്തമാവുന്നത്. ഭീമമായ തുക വൈദ്യുതി ചാർജ്ജ് വരുന്നത് ഒഴിവാക്കുന്നതിനായി വൈദ്യുതി ബോർഡും ഗ്രാമപഞ്ചായത്തും സംയുക്തമായി പരിശോധന നടത്തി തെരുവുവിളക്കുകളുടെ തരം, എണ്ണം, പ്രവർത്തനക്ഷമത എന്നിവയുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമേ ചാർജ്ജ് നല്കുന്നുള്ളൂ എന്നുറപ്പാക്കാൻ തെരുവുവിളക്കുകൾക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്താൻ നടപടിയെടുക്കേണ്ടതാണ്.

## 1-16 പാലക്കുഴി ജലവൈദ്യുതപദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 113/20-പാലക്കുഴി ജലവൈദ്യുതപദ്ധതി-വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -2,00,000 (വികസനഫണ്ട് ,ജനറൽ)

ചെലവ് -2,00,000 (ബിൽ നം 6/2.8.2019)

പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട് . ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാറിയിച്ച് നൽകിയ എൻക്വയറിയ്ക്ക് (3/24.2.2022) മറുപടിയായി ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി അപേക്ഷ നല്കിയിരുന്നു എന്നും തുക പൂർണമായി ചെലവഴിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും അറിയിച്ചു. പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി ചെലവ് പരിശോധിച്ചതിൽ നിന്നും തനത് ഫണ്ട് വകയിരുത്തിയാണ് പദ്ധതികളുടെ അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി.

2019-20 ൽ എല്ലാ ഫണ്ടിനങ്ങളിൽ നിന്നും പദ്ധതികൾക്ക് ആകെ ₹88248827 വകയിരുത്തിയിട്ടുള്ളതിൽ ₹4526610 തനത് ഫണ്ടാണ്. പദ്ധതി ചെലവ് 40943315 രൂപയിൽ 4.6% ശതമാനം- 1872014 രൂപ- തനത് ഫണ്ടിൽ നിന്നുമാണ്. 2019-20 വാർഷിക ധനകാര്യ പത്രിക RP-11, RP-12, RP-13 എന്നിവ പ്രകാരം പഞ്ചായത്തിന്റെ ആവർത്തന ചെലവുകൾക്കായി ₹ 6982992/- ചെലവുണ്ട്.

2019-20 ൽ തനതു ഫണ്ട് മുന്നിരിപ്പ് ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ ₹19408001/- മാത്രമാണുള്ളത് . ഇതിൽ 2019-20 ബാലൻസ് ഷീറ്റ് B-4 ൽ ഉൾപ്പെട്ട 10008878/- ഉം ഉൾപ്പെടുന്നു. തനതു ഫണ്ട് യഥാർത്ഥ ബാലൻസ് തുക ₹.9399123/- ആണ്. തനത് ഫണ്ടിന്റെ സാമ്പത്തികസ്ഥിതി അത്ര ആശാവഹം അല്ലാത്തപ്പോഴും തനത് ഫണ്ടിൽ നിന്നും വലിയ രീതിയിൽ പദ്ധതികൾക്കായി ചെലവഴിച്ചതായി കാണുന്നു.

KPRA 1994 സെക്ഷൻ 213 ൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് എന്തിനെല്ലാമാവാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.1 ൽ പ്രൊജക്ടുകളുടെ വിഭവസമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ക്രമനമ്പർ 3 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതുആവശ്യ ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക മാത്രമെ തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.

ചട്ടങ്ങളിൽ നിർദേശിച്ചതിൽ നിന്നും വ്യതിചലിച്ച് തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/23.2.2022 ന് ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ട് വകയിരുത്തിയത് ₹4526610/- ആണ്. ഇത്രയും തുക വകയിരുത്താൻ കഴിയില്ല എന്ന് ഭരണ സമിതിയെയും ആസൂത്രണ സമിതിയെയും അറിയിച്ചിട്ടുള്ളതാണ്. എന്നാൽ 2018 ലെ പ്രളയം മൂലം നിരവധി വീടുകൾ പുനരുദ്ധരിക്കേണ്ടതും കൃഷി നാശം മൂലം കർഷകർ ദുരിതത്തിലാവുകയും ചെയ്തതിനാലും വീട് റിപ്പയർ (ജനറൽ), ഉഴവു കൂലി ഇനത്തിൽ പദ്ധതി ഉപേക്ഷിക്കാൻ ഭരണ സമിതി തയ്യാറായില്ല. ആയതിനാലാണ് തനതു ഫണ്ട് പദ്ധതി വിഹിതം വകയിരുത്തിയതിനു പുറമെ കൂടുതൽ തുക വകയിരുത്തുവാൻ വന്ന സാഹചര്യം ഉളവായത്. കൂടാതെ 2018-19 സാമ്പത്തിക വർഷം മുതൽ ടാക്സ് ഇനത്തിൽ 100% നികുതി പിരിവ് കൈവരിച്ച പഞ്ചായത്ത് ആയതിനാൽ ഇത്തരം പഞ്ചായത്തുകൾക്ക് അഡീഷണൽ ഫണ്ട് ലഭിക്കാൻ സാധ്യത കണക്കിലെടുത്താണ് തനത് ഫണ്ട് തുക കൂടുതൽ വകയിരുത്താനുള്ള സാഹചര്യം വന്നത്. പദ്ധതി ഭേദഗതിക്ക് വരുന്ന മുറയ്ക്ക് തനതു ഫണ്ടിൽ നിന്നും തുക വക മാറ്റാവുന്നതാണ് എന്ന് കണക്കിലെടുത്തും ഭരണ സമിതിയുടെ അടിയന്തിര ആവശ്യം പരിഗണിച്ചുമാണ് DPC യ്ക്ക് പദ്ധതി സമർപ്പിക്കാൻ ഇടയായ സാഹചര്യം ഉണ്ടായത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഹരിതകർമ്മ സേനയുടെ പ്രവർത്തനം -എം സി എഫ് കെട്ടിടം ഉപയോഗിക്കുന്നില്ല

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്രതിമാസ യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഒക്ടോബർ 2019 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 14 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 28 പേരാണുണ്ടായിരുന്നത്. നിലവിൽ 26 അംഗങ്ങളാണുള്ളത്. ഓരോ വാർഡിനും 2 അംഗങ്ങളുള്ള സംഘമാണ് പ്രവർത്തിക്കുന്നത്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ഒരു പ്രാവശ്യം മാത്രമാണ് ക്ലീൻ കേരള കമ്പനി കൊണ്ടുപോയിട്ടുള്ളത്. സേനാംഗങ്ങൾക്കുള്ള യൂണിഫോം, ഗ്ലൗസ്, ഗംബൂട്ട്സ്, ക്യാപ്പ്, സാനിറ്റൈസർ മുതലായവ പഞ്ചായത്തിൽ നിന്നും ആദ്യ ഘട്ടത്തിൽ നൽകിയിരുന്നു. ഇപ്പോൾ സ്വന്തം ചെലവിലാണ് ഇവ വാങ്ങുന്നത് എന്ന് സേനാംഗങ്ങൾ അറിയിച്ചു.

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിലെ ഏകദേശം 6000 വീടുകളുള്ളതിൽ 1164 വീടുകളും 56 വ്യാപാര സ്ഥാപനങ്ങളും മാത്രമാണ് ഹരിതകർമ്മസേനയ്ക്ക് പ്ളാസ്ററിക്ക് മാലിന്യം കൈമാറുന്നുള്ളൂ. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവശ്യമായ മൈക്ക് അനൗൺസ്മെന്റും ബോധവത്കരണപരിപാടികളും നോട്ടീസ് വിതരണം എന്നിവ നടത്തിയിരുന്നതായും അറിയിച്ചു.

ഹരിത കർമസേനയ്ക്ക് പ്ലാസ്റ്റിക്ക് മാലിന്യം നല്കുന്നതിന് വൈമുഖ്യമുള്ളവരുടെയും, പ്രതിമാസ യൂസർഫീ നല്കാത്തവരുടെയും പേര് വിവരങ്ങൾ തയ്യാറാക്കി ഭരണസമിതിയ്ക്ക് നല്കിയതായി സേനാംഗങ്ങൾ അറിയിച്ചു. പ്ളാസ്റ്റിക്ക് മാലിന്യസംസ്കരണ സംവിധാനം ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെ കൂടി ഇടപെടൽ സഹായകരമാവും.

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സി.എഫ് പ്രവർത്തിക്കുന്നത് ചെമ്മൂക എന്ന സ്ഥലത്താണ്. വാർഡ് തലത്തിൽ പ്ളാസ്റ്റിക്ക് തരം തിരിച്ച് എം സി എഫിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഇത് ഉപയോഗിക്കുന്നില്ല. എം സി എഫിന് ചുറ്റുമുള്ള സ്ഥലത്ത് അയൽക്കാരായ സ്വകാര്യ വ്യക്തികളുടെ സാധനങ്ങൾ , വാഹനങ്ങൾ എന്നിവ സൂക്ഷിക്കുന്നതായാണ് കണ്ടത്. ഹരിത കർമസേനാംഗങ്ങൾ ഇവിടെ പ്രവർത്തിച്ചിരുന്നില്ല എന്നും സ്ഥലപരിശോധനയിൽ നിന്നും വ്യക്തമായി. എം സി എഫിന് മൂന്നു വശങ്ങളിൽ മാത്രമാണ് അതിരുകളുള്ളത്. ശേഷിക്കുന്ന ഭാഗത്തും ശരിയായ അതിർത്തി നിർണയിച്ച് സംരക്ഷിക്കേണ്ടതാണ്. എം സി എഫിൽ പ്ളാസിറ്റിക്ക് ശേഖരിച്ച് ചാക്കുകളിലാക്കി കൂട്ടിയിട്ടുണ്ട്. എം സി എഫിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന ഫോട്ടോ താഴെ ചേർക്കുന്നു.










ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ വാർഡിലും എം.സി.എഫു കൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്.

ജി. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

മുണ്ടൂരിലെ ആർ.ആർ.എഫിലേക്കാണ് പ്ളാസ്റ്റിക്ക് നല്കുന്നത്.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്.

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഒരു പ്രാവശ്യം മാത്രമാണ് മാലിന്യ നീക്കം നടത്തിയത്.

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഒക്ടോബർ 2019 ന് പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഹരിത കർമ്മസേനാ സംരംഭങ്ങൾക്കോ,

കൺസോർഷ്യത്തിനോ അക്കൗണ്ട് ആരംഭിച്ചിരുന്നില്ല. യൂസർഫീ ഗ്രാമപഞ്ചായത്തിൽ നേരിട്ട് കൈയിൽ സൂക്ഷിക്കുന്ന രീതിയായിരുന്നു തുടർന്നു വന്നിരുന്നത്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് 11.11.2019 ൽ ആരംഭിച്ചപ്പോൾ മുന്നിരിപ്പായി 2100 രൂപ അടവാക്കിയിട്ടുണ്ട്. 31.1.20212 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 517393 രൂപയാണ്.

എച്ച്. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിത കർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫിൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്കിലെ ബി-18 എന്നിവ അനുസരിച്ച് 2019-20 വർഷത്തിൽ Temporary Advance For Official Purpose എന്ന ഹെഡിൽ 85838 രൂപ അഡ്വാൻസ് ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഇതേക്കുറിച്ച് വാർഷിക കണക്കുകളുടെ പരിശോധനയുടെ ഭാഗമായി എൻക്വയറി (5/25.2.2022)നൽകിയതിന് മറുപടിയായി ടി തുക സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം നല്കിയ തുകയാണ് എന്ന് അറിയിച്ചു. ഓണറേറിയം നല്കിയ തുക റീക്കുപ്പ് ചെയ്ത് ലഭിക്കുന്നതിനായി പാലക്കാട് ജില്ലാ കോഡിനേറ്റർ മുഖാന്തിരം കേരള സംസ്ഥാന സാക്ഷരതാ മിഷന് A1- 4955/18 നമ്പർ കത്ത് 29.7.2019 ന് നല്കിയിട്ടുണ്ട് . കൂടാതെ ടി തുക വരവ് വെച്ച് കിട്ടുന്നതിന് 10.3.21 ന് A1- 4955/18 നമ്പർ കത്തിനൊപ്പം ചെലവ് സ്റ്റേറ്റ്മെന്റ് പുനർസമർപ്പിച്ചുവെങ്കിലും സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. തുക ലഭ്യമാക്കി റീക്കുപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ആയുർവേദ സിദ്ധ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രോജക്ട് –ഗവൺമെന്റ് ആയുർവേദ സിദ്ധ ഡിസ്പെൻസറി മരുന്നു വാങ്ങൽ
അടങ്കൽ- ₹ 250000/- ചെലവ് -₹250000/-
ബിൽ നം-96/19-20 തിയതി 1.02.2021 (വികസന ഫണ്ട്, ജനറൽ)
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ആയുർവേദം)
ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതിക്കുവേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി 250000/- രൂപ ഔഷധി, തൃശ്ശൂർ-ന് നൽകിയിട്ടുണ്ട്. എന്നാൽ നാൾ ഇതുവരെ 199374/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ ബാക്കി തുക ആയ 50626 രൂപയുടെ മരുന്ന് വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.10/26/03/22) നൽകിയിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. മുഴവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-21 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

പ്രൊജക്ട് നം - 100/19-20
പ്രൊജക്ട് - ക്ഷീരകർഷകർക്ക്പാലിന് സബ്സിഡി നൽകൽ
നിർവഹണ ഉദ്യോഗസ്ഥ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - 200000 (വികസനഫണ്ട് ജനറൽ)
– 200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
– 150000 (ജില്ലാ പഞ്ചായത്ത് വിഹിതം)
ആകെ -550000
ചെലവ് - 200000 (വികസനഫണ്ട് ജനറൽ , ബിൽ നം. 1/19-20/13.03.20)
200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ബിൽ നം. 2/19-20/13.03.20)
ആകെ -400000

പഞ്ചായത്ത് പരിധിയിലുള്ള നാല് ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ 260 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി പ്രോജക്ട് പ്രകാരം ആകെ 400000 രൂപ ചെലവഴിച്ചിട്ടുണ്ട്. കർഷകർക്ക് പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് പരമാവധി 4 രൂപ തോതിൽ 2019 ഏപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെയുള്ള ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടെയുള്ള 400000 രൂപ ഉപയോഗിച്ച് 2019 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ ഇൻസെന്റീവ് മാത്രമാണ് നൽകാൻ കഴിഞ്ഞിരിക്കുന്നത്.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴവനായി പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല. സംയുക്ത പ്രൊജക്ടിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം (6/26.02.22) നൽകിയതിന് വരും വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നും കൂടുതൽ തുക വകയിരുത്തി കിട്ടുന്ന മുറയ്ക്ക് ലഭ്യമായ തുക പാലളവിന് ആനുപാതികമായും പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായും കർഷകർക്ക് നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശം

1. ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധചെലുത്തേണ്ടതാണ്.

1-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തേണ്ടതാണ്

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 22/20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (ജനറൽ) | 250000 (200000- വികസന ഫണ്ട്- ജനറൽ) 50000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 250000 (200000- വികസന ഫണ്ട്- ജനറൽ, ബിൽ നം. 10/19-20/28.01.20) 50000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 13/19-20 /15.02.20) |
| 24/20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (എസ് സി) | 190666 (168000- വികസന ഫണ്ട് എസ്.സി.പി, 22666- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 121800 (68000, ബിൽ നം. 11/19-20, 53800, ബിൽ നം. 16/19-20 /26.03.20,വികസന ഫണ്ട് എസ്.സി.പി) |

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് 22/20 പ്രകാരം 21 പേർക്കും, പ്രോജക്ട് 24/20 പ്രകാരം 10 പേർക്കുമാണ് 2019-20 വർഷത്തിൽ സ്കോളർഷിപ്പ് നൽകിയിരിക്കുന്നത് .

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ മേൽപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല. ഉദാഹരണം താഴെചേർക്കുന്നു.

| പേര്, മേൽവിലാസം | നൽകിയ തുക | അർഹമായ തുക |
|---|---|---|

| | | |
|---|---|---|
| കൃഷ്ണ പ്രസാദ് സി വി, S/oഅരുന്ധതി.ബി കൃഷ്ണനിവാസ്, മങ്കര | 11250 | 28500 |
| അഫ്സൽ S/o വഹീദ, ചീനിക്കപ്പറമ്പ്, മങ്കര | 15000 | 28500 |

കൂടാതെ സ.ഉ (സാധാ) നം. 181/2020/ത.സ്വ.ഭ.വ23.01.20 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായങ്ങളുടെ ഗുണഭോക്താക്കളിൽ, മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ എന്നതിൽ സെറിബ്രൽ പാൾസി വിഭാഗത്തിലുൾപ്പെടുന്നവരെ കൂടെ പ്രത്യേകമായി ചേർത്ത് ഉത്തരാവായിട്ടുള്ളതാണ്. ആയതിലുൾപ്പെടുത്തി ഈ വിഭാഗത്തിലുള്ളവർക്ക് അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (8/26.02.22) നൽകിയതിന് മതിയായ തുക ഇല്ലാത്തതിനാലാണ് മുഴുവൻ തുകയും നൽകുവാൻ കഴിയാതെ വന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശം

1.സംയുക്ത പ്രൊജക്റ്റിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം നല്കത്തക്കവിധം ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

2.ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്റ്റ് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലേക്കും ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണത്തിനായി അമൃതം ഫുഡ്സ് വാങ്ങിയിരിക്കുന്നത് കുടുംബശ്രീ യൂണിറ്റായ അമ്മു ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കൊടുന്തിരപ്പിള്ളിയിൽ നിന്നുമാണ്. ഡയറക്ടറേറ്റിൽ നിന്നുള്ള 26-3-13-ലെ നം. ഐ.സി.ഡി.എസ്/3458/12 നമ്പർ കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12-ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യമിശ്രിതം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (11/07.03.22) ന്യൂട്രിമിക്സ് സാമ്പിളുകൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന ഓഫീസിൽ നിന്നുമാണ് ടെസ്റ്റിന് അയയ്ക്കുന്നത് എന്നും പരിശോധന റിപ്പോർട്ട് ശേഖരിച്ച വെക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 ശുചിത്വമിഷൻ ഫണ്ട് തനതുഫണ്ടിൽ ശേഷിക്കുന്നു

പ്രോജക്ട് - 222/20, വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ - 192000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

- 54400 (തനത് ഫണ്ട്)

ചെലവ് - 129500 (കേന്ദ്രാവിഷ്കൃത ഫണ്ട്, ചെക്ക് നം.- 615430/23.01.20, 615463/7.03.20)
നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

ചെലവു രേഖകൾ പരിശോധിച്ചതിൽ കക്കൂസ് നിർമ്മാണത്തിനായി ധനസഹായം ലഭിച്ച ശ്രീമതി പത്മാവതി, W/oരാഘവൻ, കാരാട്ടിൽ വീട്, മങ്കര എന്ന ഗുണഭോക്താവ് 7500 രൂ 23.01.20-ന് കൈപ്പറ്റുകയും പിന്നീട് നിർമ്മാണം നടത്താതെ തുക തിരികെ അടവാക്കുകയും ചെയ്തിരിക്കുന്നു. ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ തുക തിരികെ അടവാക്കിയിരിക്കുന്നത് എസ് ബി ഐ മങ്കര ബ്രാഞ്ചിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്കാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് ധനസഹായത്തിന്റെ ഒന്നാം ഗഡു ലഭ്യമായതിന് ശേഷം പ്രവർത്തി നടത്താതെ തുക തിരിച്ചടക്കുവാനുണ്ടായ സാഹചര്യം, ഗുണഭോക്താവ് തിരികെ അടവാക്കിയ തുക ശുചിത്വ മിഷനിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (12/07.03.22) മുഖേന ആവശ്യപ്പെട്ടതിന് ശാരീരിക ബുദ്ധിമുട്ടുകൾ കാരണം ഗുണഭോക്താവിന് പ്രവൃത്തി നടത്തുവാൻ കഴിയാതെ വരുകയും തുക തിരികെ ഈടാക്കി തനതുഫണ്ടിലേക്ക് അടവാക്കുകയും ചെയ്തുവെന്നും വരും വർഷം ശുചിത്വമിഷൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് ആയത് വകയിരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ലക്ഷ്യപ്രാപ്തിയ്ക്കായി ഉപയോഗിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ തുക കൈപ്പറ്റുകയും പിന്നീട് പ്രവർത്തി നടത്താതെ തുക തിരികെ അടവാക്കുകയും ചെയ്യുന്നതുമൂലം അർഹരായവർക്ക് ധനസഹായം ലഭ്യമാകുവാനുള്ള അവസരം നഷ്ടമാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

1-25 ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവനനിർമ്മാണം (എസ് സി) പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റിലേർപ്പെടുകയും ധനസഹായമായ 4 ലക്ഷം രൂപയിൽ നിന്നും ഭാഗികമായി തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | ലക്ഷ്മി W/oഗോപാലൻ, പ്രാക്കാണാംകുന്ന്, മാങ്കുറിശ്ശി, മങ്കര | 35000/ 21.12.18 | 19.05.18 |
| 2 | പ്രസന്ന, W/oരാജു, കരുവടത്തൊടി, മങ്കര | 40000/ 05.02.21 | 03.02.21 |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 12/07.03.22 നൽകിയതിന് രണ്ടു ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്തോക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക എഗ്രിമെന്റ് വ്യവസ്ഥകൾക്കനുസൃതമായി തിരികെ ഈടാക്കേണ്ടതും തുടർ നടപടികളുടെ വിവരം

അറിയിക്കേണ്ടതുമാണ്.

1-26 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്റ്റ് - 89/20, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 1000000 (വികസനഫണ്ട്- എസ് സി പി)

ചെലവ് - 200000 (വികസനഫണ്ട്- എസ് സി പി)

ബിൽ നം. – 151/19-20/24.02.20 -50000, 154/19-20/07.03.20 -50000
194/19-20/16.03.20 -50000, 210/19-20/19.03.20 -50000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി മീന രാജൻ, അത്താണിപ്പറമ്പ്, മാങ്കുറിശ്ശി ധനസഹായമായ 2 ലക്ഷം രൂപയിലെ 50000 രൂ 2019-20 ലും 75000 രൂ 2020-21- ലും കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെ വിശദാംശം താഴെചേർക്കുന്നു.

| കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|
| 50000 | 26.02.20 |
| 75000 | 30.10.20 |

ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അല്ലാത്തപക്ഷം നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ, കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം (07/22.03.22) മുഖേന ആവശ്യപ്പെട്ടതിന് നേരിൽ പരിശോധന നടത്തുകയും പണി അടിയന്തിരമായി പൂർത്തിയാക്കി ശേഷിക്കുന്ന തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. നടപ്പിലാക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യേണ്ടതും യഥാസമയം പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-27 ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ – സ.ഉ.(സാധാ)നം. 553/2019ത.സ്വ.ഭ.വ തീയതി 07.03.19 ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ അതാത് ടീം ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും ഖണ്ഡിക 2.6.4 പ്രകാരം രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ്, മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (18/07.03.22) നൽകിയതിന് സർക്കാർ ഉത്തരവു പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും ഹോം കെയർ രജിസ്റ്റർ മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

1-28 പാലിയേറ്റീവ് കെയർ വാഹനം - ലോഗ് ബുക്ക് പരിപാലനം.

പാലിയേറ്റീവ് കെയർ - രോഗികളുടെ ഗൃഹസന്ദർശനത്തിനായി ഉപയോഗിച്ചു വരുന്ന വാഹനത്തിന്റെ (KL AD 6138- Maruthi Omni) ഇന്ധനത്തിനായി പ്രതിമാസം 2400 രൂപ (പ്രതിമാസം എട്ടു ഹോം കെയർ) പ്രകാരം ജനുവരി 2019 മുതൽ ജനുവരി 2020 വരെയുള്ള കാലയളവിലേക്ക് ആകെ 31200 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007)

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. സാന്ത്വന പരിചരണത്തിനായി ഉപയോഗിച്ചിരിക്കുന്ന വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

A) ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല.

B)ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. C)ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഇന്ധനം നിറയ്ക്കുന്ന സമയത്തെ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നില്ല. വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (18/07.03.22) നൽകിയതിന് ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്നും ലോഗ് ബുക്കിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശം

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സമയപരിധിക്കകം നടത്തേണ്ടതാണ്.
4. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 7/26.02.2022 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 27 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 21 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 6 |
| 4 | കെട്ടിടത്തിന്റെ തരം<br>കോൺക്രീറ്റ്<br>ഓടിട്ടത് | 18<br>3 |

| | | |
|---|---|---|
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 4 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 9 (7എണ്ണത്തിൽ പ്ലമ്പിങ് പണി കഴിഞ്ഞിട്ടുണ്ടെങ്കിലും വെള്ളമില്ല) |
| 9 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 0 |
| 10 | കമ്പ്യൂട്ടർ ഇല്ലാത്തവ | 27 |
| 11 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 12 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 13 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 14 | ടോയ് ലെറ്റ് ഇല്ലാത്തവ<br>ബേബി ഫ്രന്റ്ലി ടോയ് ലെറ്റ് ഇല്ലാത്തവ | 0<br>16 |
| 15 | ഫാൻ ഇല്ലാത്തവ | 1 |
| 16 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

സർക്കുലർ നം. 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലഭ്യമായ വിവരപ്രകാരം 27 അങ്കണവാടികളിൽ പതിനാറെണ്ണത്തിൽ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റില്ല. അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ചുറ്റുമതിൽ, ടോയ് ലറ്റ് എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ഇവ നിർമ്മിക്കുന്നതിനും കുടിവെള്ള കണക്ഷൻ, ഇല്ലാത്തവക്കും പ്ലമ്പിംഗ് പ്രവർത്തികൾ പൂർത്തിയായിട്ടും നാളിതുവരെയും കുടിവെള്ളം ലഭ്യമാകാത്ത അങ്കണവാടികൾക്കും കുടിവെള്ളസൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കേണ്ടതും തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ഇനത്തിൽ നാളിതു വരെ ചെലവഴിക്കാത്ത തുക പ്രയോജനപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-30 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി അമ്മു ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കൊടുന്തരപ്പുള്ളി-ൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 16/20 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 2050000 (1150000-വികസന ഫണ്ട്-ജനറൽ) 900000-കേന്ദ്രാവിഷ്കൃത ഫണ്ട്) | 2049646 (1149676-വികസന ഫണ്ട്-ജനറൽ, 899970-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 19/20 | അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പരിപാടി (എസ്.സി) | 705000 (605000-വികസന ഫണ്ട് എസ്.സി.പി, 100000-കേന്ദ്രാവിഷ്കൃത ഫണ്ട്) | 672008 (604830-വികസന ഫണ്ട് എസ്.സി.പി, 67178-കേന്ദ്രാവിഷ്കൃത ഫണ്ട്) |

പ്രൊജക്ട് നം. 16/20 പ്രകാരം 326342 രൂപയ്ക്കും 19/20 പ്രകാരം 500952 രൂപയ്ക്കും ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്.

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം

തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2.5ലക്ഷത്തിനു മുകളിൽ വാങ്ങൽ വരുന്ന മേൽപദ്ധതികളിൽ ജി എസ് ടി ഒഴികെയുള്ള തുകയിൽ നിന്നും 2% ടി.ഡി. എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (11/07.03.22) നൽകിയതിന് സ്ഥാപനം നേരിട്ട് ജി എസ് ടി അടക്കുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. 2% ടി.ഡി. എസ് ഈടാക്കാതെ സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതും മേൽപദ്ധതികളിൽ ടി ഡി എസ് ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-31 നെൽകൃഷിയ്ക്ക് ഉഴവുകൂലി - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല

പ്രൊജക്ട് നം - 31/19-20

പ്രൊജക്ട് - നെൽകൃഷിയ്ക്കുള്ള കൂലിചെലവ്
നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

അടങ്കൽ - 1500000 (വികസനഫണ്ട് ജനറൽ)

- 1000000 (തനത് ഫണ്ട്)

- 1260000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

-1800000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ -4060000രൂ

ചെലവ് - 1500000 (വികസനഫണ്ട് ജനറൽ)

- 1000000 (തനത് ഫണ്ട്)

- 854420 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ -3354420 രൂപ.

16 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 360 ഹെക്ടറിലെ നെൽകൃഷിക്ക് കൂലിചെലവായി 6944 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും 5000രൂ ജില്ലാപഞ്ചായത്ത് വിഹിതമായും 3500രൂ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും നൽകുകയാണ് 31/19-20 സംയുക്ത പ്രോജക്ടിന്റെ ലക്ഷ്യം. പ്രൊജക്ടിനായി ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് ഹെക്ടറിന് 6934രൂ പ്രകാരവും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് 3500 രൂ പ്രകാരവും ആകെ 10434രൂ തോതിൽ ഹെക്ടറിന് നൽകിയിരിക്കുന്നു. പ്രോജക്ട്, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സാംഖ്യയിലെ ചെലവുരേഖകൾ പരിശോധിച്ചതിൽ പല കർഷകരുടെയും അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യപ്പെടാതെ Return To Govt. Account എന്ന സ്റ്റാറ്റസിൽ കാണപ്പെടുന്നു. വിശദാംശം താഴെ

ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | അക്കൗണ്ട് നം. | ബിൽ നം/ തീയതി | തുക |
|---|---|---|---|---|---|
| 1 | ബിജു.ടി.ബി | SBIN0002237 | 40297101025875 | 6/19-20 /29.2.19 | 2542 |
| 2 | നാരായണൻ.കെ.ആർ | IOBA0000068 | 00680100001993 | 6/19-20 /29.2.19 | 1619 |
| 3 | നാസർ.വി.എസ് | PUNB0426900 | 426900100031619 | 3/19-20 /8.11 .19 | 1050 |
| | | ,, | ,, | 6/19-20 /29.2.19 | 1050 |
| 4 | പുഷ്പവതി | SBIN0002237 | 10567694501 | 6/19-20 /29.2.19 | 3097 |
| 5 | അച്യുതൻകുട്ടി | SBIN0002237 | 10567683215 | 3/19-20 /8.11 .19 | 927 |
| 6 | ഭാമലോചന.സി.വി | UTIBOSPKD21 | 04506200000118 | 2/19-20 /8.11 .19 | 7880 |
| | | ,, | ,, | 3/19-20 /8.11 .19 | 7880 |
| 7 | മാധവി | SBIN0070237 | 40297101033944 | 3/19-20 /8.11 .19 | 2248 |
| 8 | രാഘവൻ.എ.കെ | SBIN0002237 | 10567702478 | 3/19-20 /8.11 .19 | 1389 |
| 9 | നാരായണൻകുട്ടി പി കെ | ORBC0100974 | 9742191023857 | 1/19-20 /4.9.19 | 3230 |
| 10 | ബേബി.കെ.എസ് | UTIBOSPKD21 | 03801010005587 | 5/19-20 /8.11 .19 | 2475 |
| 11 | ലിപിക.വി | KLGB0040297 | 04506200000226 | 5/19-20 /8.11 .19 | 6861 |
| 12 | മോഹൻദാസ്.ടി | KLGB0040297 | 04506200000225 | 5/19-20 /8.11 .19 | 4827 |
| 13 | സുലൈമാൻ.സി.എ | SBIN0002237 | 525283937911 | 5/19-20 /8.11.19 | 1764 |
| 14 | ചിന്നകുട്ടി.പി | SBIN0002237 | 10567683215 | 4/19-20 /4.9.19 | 3354 |
| 15 | പങ്കജാക്ഷൻ എം പി | UTIBOSPKD21 | 04501010000234 | 4/19-20 /4.9.19 | 3541 |
| 16 | വിജയകുമാർ.സി.ആർ | DLXB0000016 | 887328136239 | 4/19-20 /4.9.19 | 6937 |

| | | | | | |
|---|---|---|---|---|---|
| 17 | അനിൽകുമാർ.പി.സി | SBIN0002237 | 200597233754 | 2/19-20 /4.9.19 | 860 |
| 18 | ബിന്ദു.പി | CNRB00SMGB4 | 40297100100533 | 2/19-20 /4.9.19 | 515 |
| 19 | ചന്ദ്രിക.വി | SBIN0002237 | 553617037872 | 2/19-20 /4.9.19 | 843 |
| 20 | പ്രീതകുമാരി.കെ.എം | SBIN0000893 | 926972807396 | 2/19-20 /4.9.19 | 4978 |
| 21 | സന്തോഷ് കുമാർ.എം.വി | SBIN0002237 | 2003664227 | 2/19-20 /4.9.19 | 4792 |
| 22 | ദേവദാസൻ എം വി | SBIN0002237 | 67105862676 | 2/19-20 /4.9.19 | 2271 |
| 23 | പത്മാവതി അമ്മ | UTIBOSPKD21 | 04501010000245 | 3/19-20 /8.11.19 | 5014 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഉഴവുകൂലിയിനത്തിൽ അർഹതപ്പെട്ട തുക ലഭ്യമാകാതെ Return To Govt. എന്ന് സാംഖ്യയിൽ സ്റ്റാറ്റസ് കാണുന്നതിനുള്ള കാരണം, തുക പിന്നീട് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലാത്തപക്ഷം തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (23/08.03.22) നൽകിയതിന് ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിൽ തെറ്റുപറ്റിയത് സാംഖ്യയിൽ രണ്ടു പ്രാവശ്യം കറക്റ്റ് ചെയ്യതാണെന്നും നിലവിൽ അക്കൗണ്ട് നം. കറക്റ്റ് ചെയ്യുന്നതിനോ ഗുണഭോക്തൃ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിനോ കഴിയുന്നില്ലെന്നും സർക്കാരിലേക്ക് തുക തിരികെപ്പോയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് ട്രഷറിയിൽ നിന്നും അറിയുവാൻ കഴിഞ്ഞതെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. ധനസഹായത്തിന് അർഹതയുള്ള ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാത്തത് മോണിറ്ററിംഗിന്റെയും പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനന്തര നടപടികളുടെയും അഭാവമായി കരുതുന്നു. രണ്ടുതവണ സാംഖ്യയിൽ അക്കൗണ്ട് നമ്പറുകളുമായി ബന്ധപ്പെട്ട് തിരുത്തലുകൾ വരുത്തിയിട്ടും മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമാകാതിരുന്നത് അംഗീകരിക്കത്തക്കതല്ല.

2. ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമുപയോഗിച്ച് ഹെക്ടറിന് 15444 രൂപ തോതിൽ നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടതെങ്കിലും 10434/ha എന്ന നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. അംഗീകരിച്ച പ്രൊജക്ടിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ ധനസഹായം നൽകുന്നതിന് മേൽപ്രോജക്ടുകൾക്ക് കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് മുഴുവൻ തുകയും നല്കുവാൻ കഴിയാതിരുന്നത്, ലഭ്യമായ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് നൽകുകയായിരുന്നുവെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (23/08.03.22) മറുപടി ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദേശം

1. ബിൽ പ്രകാരം ചെലവായ തുക നിലവിൽ ഏത് ഹെഡിലാണുള്ളതെന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് വ്യക്തമാക്കി തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തേണ്ടതും ഗുണഭോക്താവിന് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

2. കാർഷിക മേഖലയിൽ സ്വയം പര്യപ്തത നേടുന്നതിനായി മതിയായ ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

മേൽപ്പരാമർശിച്ച വിഷയങ്ങളിലേക്ക് ഭരണ-നിർവഹണ ഉദ്യോഗസ്ഥരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-32 എ.ബി.സി പദ്ധതിയുടെ വിനിയോഗസാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം-116/20
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -350000(വികസന ഫണ്ട് -ജനറൽ)

ചെലവ് -350000 (ബിൽ നം 5 /2.8.2019)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യം കരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിൻറെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം 4/24.2.22 നല്കിയതിന് വിനിയോഗവിവരങ്ങൾ ലഭ്യമാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു.

### 1-33 ജൈവ വൈവിധ്യ പദ്ധതി – ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രൊജക്ട് നം – 163/19-20

പ്രൊജക്ട് – ജൈവ വൈവിധ്യ പദ്ധതി

അടങ്കൽ – 246000 (തനത് ഫണ്ട്)

ചെലവ് – 53339 (തനത് ഫണ്ട്)
നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ ജൈവ വൈവിധ്യ പരിപാലന സമിതികളെ (ബി എം സി) പ്രവർത്തന സജ്ജരാക്കുന്നതിനു വേണ്ടിയുള്ള കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാതൃക ബി എം സി പദ്ധതിയിൽ അംഗമായി മങ്കര ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ജൈവ വൈവിധ്യ മേഖലയെ നാളത്തെ തലമുറയ്ക്കായി കാത്ത് സംരക്ഷിക്കാനുള്ള ബാധ്യത ഓരോ പൗരനും ഉണ്ടാകുന്ന വിധത്തിലുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഉപപദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

1.നക്ഷത്രവനം – ഓരോ നക്ഷത്രത്തെയും ഓരോ വൃക്ഷങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന രീതിയാണ് നക്ഷത്രവനം എന്ന ആശയം. 27 നക്ഷത്ര മരങ്ങളുടെ തൈകൾ നഴ്സറി വഴി ശേഖരിച്ച് പഞ്ചായത്തിലെ സ്കൂളുകളിൽ നടുകയും ഹരിതവത്ക്കരണത്തിന് ശക്തി പകരുകയും ചെയ്യുക

2. ശലഭോദ്യാനം- പരിസ്ഥിതി സംരക്ഷണത്തിലെ ഒരു പ്രധാന കണ്ണിയായ ചിത്രശലഭങ്ങളെ സംരക്ഷിക്കുന്നതിനും വംശനാശ ഭീഷണി നേരിടുന്ന ശലഭങ്ങൾക്ക് ആവാസരീതിക്കിണങ്ങുന്ന വിധത്തിലുള്ള ഉദ്യാനങ്ങൾ സ്കൂളുകളോ പാതയോരങ്ങളോ കേന്ദ്രീകരിച്ച് നിർമ്മിക്കുക.

3. നാട്ടുപൂന്തോട്ടം – നമ്മുടെ നാടിന്റെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതായ നാടൻ ഇനങ്ങളിൽപ്പെട്ട പൂച്ചെടികൾ സംരക്ഷിക്കുക, വരും തലമുറയ്ക്ക് അവയെ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ നാടൻ പൂച്ചെടികൾ ശേഖരിച്ച് സ്കൂളുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച്

ഉദ്യാനം നിർമ്മിക്കുക.

4. കുരുമുളക്, വെറ്റില, അടയ്ക്ക കൃഷി സംയോജനം- 100 കർഷകർക്ക്, കവുങ്ങ് ഉള്ളവർക്ക് മുൻഗണന നൽകി കുരുമുളക് ചെടിയും വെറ്റിലയും തൈകളും നൽകി നാശോന്മുഖമായി കൊണ്ടിരിക്കുന്ന കുരുമുളക്, വെറ്റില, അടയ്ക്ക കൃഷികൾ സംരക്ഷിക്കപ്പെടുകയും വ്യാപിപ്പിക്കുകയും ചെയ്യുക.

5. കരിമ്പനക്കൂട്ടം വെച്ചുപിടിപ്പിക്കൽ - പുഴയുടെ വശങ്ങളിലും ജനവാസം ഇല്ലാത്ത പ്രദേശങ്ങളിലും 300-ലധികം തൈകൾ ശേഖരിച്ച് നട്ടുപിടിപ്പിച്ച് കരിമ്പനക്കൂട്ടം എന്ന പദ്ധതി നടപ്പിലാക്കുക.

6. ഔഷധസസ്യത്തോട്ടം- വിവിധ പ്രദേശങ്ങളിൽ അറിയപ്പെടുന്നതും അല്ലാത്തതുമായ ഔഷധസസ്യങ്ങൾ കാലാവസ്ഥ വ്യതിയാനവും സംരക്ഷണം ലഭിക്കാത്തതും മൂലം ഏറെയും അന്യം നിന്നുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇതിന് പരിഹാരം കാണുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും ഈപദ്ധതി ലക്ഷ്യംവെക്കുന്നു. അതിനായി ഗുണമേന്മയുള്ള ഔഷധസസ്യങ്ങൾ അംഗീകൃത നഴ്സറികളിൽ നിന്ന് ശേഖരിച്ച് ആയുർവേദ ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നട്ടുപിടിപ്പിച്ച് ഔഷധത്തോട്ടം നിർമ്മിക്കുക.

7. പുഴ-തോട് സംരക്ഷണം - പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള കാളികാവിനോട് ചേർന്ന് ഒഴുകുന്ന ഭാരതപ്പുഴയുടെ സംരക്ഷണഭിത്തി പ്രളയത്തിൽ ഇടിഞ്ഞുപോവുകയും അനവധി നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. സംരക്ഷണഭിത്തി ഇടിഞ്ഞുപോയ ഭാഗങ്ങളിൽ അടിത്തറ കെട്ടി പുഴ സംരക്ഷിക്കുക, പുഴ- തോട് സംരക്ഷണത്തിനായി വശങ്ങളിൽ കുറ്റിമുളയും കൈതയും രാമച്ചവും വെച്ച് പിടിപ്പിക്കുക വഴി പുഴയുടെ നീരൊഴുക്ക് തടസ്സമില്ലാതെ നിലനിർത്തുകയും മനുഷ്യന്റെ കൈയ്യേറ്റങ്ങൾ കുറയ്ക്കുകയും ചെയ്യുക.

മേൽപദ്ധതിയ്ക്കായി ഉദ്ദേശിച്ചിരിക്കുന്ന ചെലവുവിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ഫണ്ട് ഇനം | |
|---|---|---|---|
| | | ബി എം സി | ആകെ |
| 1 | നക്ഷത്ര വനം | 60000 | 60000 |
| 2 | ശലഭോദ്യാനം | 16000 | 16000 |
| 3 | നാട്ടുപൂന്തോട്ടം | 30000 | 30000 |
| 4 | ജൈവ വൈവിധ്യത്തോട്ടം | 20000 | 20000 |
| 5 | കവുങ്ങ്, കുരുമുളക്, വെറ്റില – കൃഷി വ്യാപിപ്പിക്കൽ | 30000 | 30000 |
| 6 | പുഴ സംരക്ഷണ ഭിത്തി | 50000 | 50000 |
| 7 | കരിമ്പനക്കൂട്ടം വെച്ചുപിടിപ്പിക്കൽ | 15000 | 15000 |
| 8 | ഔഷധ സസ്യത്തോട്ടം | 15000 | 15000 |
| ആകെ | | 246000 | 246000 |

2019-20-ൽ നടപ്പിലാക്കിയിരിക്കുന്ന പ്രവർത്തനങ്ങൾ

തനതുഫണ്ടിൽ നിന്നും 53339 രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. (പിന്നീട് തുക റീക്ലപ്പ് ചെയ്തു)

| ക്രമ നം | ചെലവു വിവരം | തുക നൽകിയത് | തുക/ചെക്ക് നം. |
|---|---|---|---|
| 1 | കരിമ്പന, ഫലവൃക്ഷതൈകൾ എന്നിവ വാങ്ങിയതിന് | കേരള ഫോറസ്റ്റ് റിസർച്ച് | 8580/615423 /06.12.19 |

| | | | |
|---|---|---|---|
| | | ഇൻസ്റ്റിറ്റ്യൂട്ട് | |
| 2 | ശലഭോദ്യാനം, നാട്ടുപൂന്തോട്ടം എന്നിവയ്ക്കായി ഓർണമെന്റൽ പ്ലാന്റ്സ് വാങ്ങിയതിന് | ATIC, കേരള കാർഷിക സർവകലാശാല | 3180/615451 /24.02.20 |
| 3 | തൈകൾ വാങ്ങിയതിന് | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 3480/615468 /28.03.20 |
| 4 | ,, | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 820/615472 /30.03.20 |
| 5 | ആയുർവേദ ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലേക്ക് മൺച്ചട്ടികൾ | IRTC, മുണ്ടൂർ | 4980/615454 /03.03.20 |
| 6 | ട്രാൻസ്പോർട്ടേഷൻ ചാർജ് | പ്രഭാകരൻ, കൊന്നയത്ത്, മങ്കര | 6000/615469 /28.03.20 |
| 7 | നക്ഷത്രവനത്തിനായുള്ള ഡ്രിപ് ഇറിഗേഷൻ - GHSS മങ്കര | ഹൈ റേഞ്ച് ഇറിഗേഷൻസ്, മുളയം, വളക്കാവ് | 5825/615473 /30.03.20 |
| 8 | നാട്ടുപൂന്തോട്ടത്തിനായി സെമി സ്പ്രിങ്ക്ലർ - GHSS മങ്കര | ,, | 5966/615473 /30.03.20 |
| 9 | നക്ഷത്രവനത്തിനായുള്ള ഡ്രിപ് ഇറിഗേഷൻ - വെസ്റ്റ് ബേസിക് യു പി സ്കൂൾ മങ്കര | ,, | 7175/615473 /30.03.20 |
| 10 | നാട്ടുപൂന്തോട്ടത്തിനായി സ്പ്രിങ്ക്ലർ ഇറിഗേഷൻ- വെസ്റ്റ് ബേസിക് യു പി സ്കൂൾ മങ്കര | ,, | 7333/615473 /30.03.20 |
| | ആകെ | | 53339 |

420000 രൂപ 21.04.2018-ന് ജൈവ വൈവിധ്യ ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിലും 2019-20-ൽ 53339 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച് (പിന്നീട് തുക Recoup ചെയ്തു) മേൽപ്പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള പ്രവർത്തികളാണ് ചെയ്തിരിക്കുന്നത്.

ബഹു. പ്രസിഡണ്ടിന്റെ സാന്നിധ്യത്തിൽ 08.03.22-ന് നടത്തിയ സ്ഥലപരിശോധനയുടെ ഭാഗമായി മങ്കര

വെസ്റ്റ് ബേസിക് യു പി സ്കൂൾ സന്ദർശിച്ചതിൽ സ്കൂളിലെ നക്ഷത്രവനം നല്ല രീതിയിൽ സജ്ജീകരിച്ചതായി കാണാൻ കഴിഞ്ഞു. ചെലവുരേഖകളിൽ നാട്ടുപൂന്തോട്ടത്തിനായി നൽകിയതായി പറഞ്ഞിരിക്കുന്ന സ്പ്രിങ്ക്ളർ സ്ഥാപിച്ചിട്ടില്ല. പദ്ധതി പ്രകാരം അനുവദിച്ച GHSS മങ്കരയിലെ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിങ്ക്ളർ ഇറിഗേഷൻ എന്നിവ സ്കൂളിൽ ഉണ്ടെങ്കിലും നിലവിൽ അവ ഉപയോഗിക്കുന്നില്ല.






GHSS മങ്കര

കൂടാതെ ശലഭോദ്യാനത്തിനായി കാളികാവ്, പുഴയോട് ചേർന്ന് പാലത്തിനു സമീപത്തായി വേലികെട്ടി സൂക്ഷിച്ച സ്ഥലത്ത് ഉദ്യാനമാക്കുന്ന രീതിയിൽ ചെടികൾ വെച്ചിട്ടുണ്ടെങ്കിലും കൃത്യമായ ജലസേചനവും പരിപാലനവും ഇല്ലാതെ മിക്ക ചെടികളും ഉണങ്ങിയ നിലയിലാണ്.






ശലഭോദ്യാനം

ഓഡിറ്റ് അന്വേഷണം (25/08.03.22) മുഖേന വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമാക്കിയ മറുപടി, സ്പ്രിങ്ക്ളർ ഇറിഗേഷനായുള്ള സാധനസാമഗ്രികൾ ഫിറ്റ് ചെയ്യുന്നതിനായി ടെക്നീഷ്യൻ പോയിരുന്നുവെന്നും സ്കൂൾ മെയിന്റനൻസ് കാരണവും പിന്നീട് കോവിഡ് വ്യാപനം കൂടുതലായിരുന്നതിനാലും ഫിറ്റ് ചെയ്യാൻ കഴിയാതെ വരുകയും സാമഗ്രികൾ സ്കൂളിൽ ഏൽപ്പിക്കുകയും ഇപ്പോൾ സ്പ്രിങ്ക്ളർ ഫിറ്റ് ചെയ്ത് പ്രവർത്തനക്ഷമമായതിന്റെ സാക്ഷ്യപത്രം ഹെഡ്മാസ്റ്ററിൽ നിന്നു ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിച്ചു.

ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനായി നല്ല രീതിയിലുള്ള പദ്ധതികളും ഉപപദ്ധതികളും ആസൂത്രണം ചെയ്തുവെങ്കിലും നടപ്പിലാക്കിയത് നാമമാത്രമായവ മാത്രമാണ്. കൂടാതെ പദ്ധതി ലക്ഷ്യമിട്ടതു പോലെ ജൈവ വൈവിധ്യ മേഖലയെ ഭാവി തലമുറയ്ക്കായി കാത്ത് സംരക്ഷിക്കത്തക്കവിധമുള്ള പ്രവർത്തികളൊന്നും തന്നെ 2019-20-ൽ നടന്നിട്ടില്ല. പദ്ധതിയുടെ ഭാഗമായി വെസ്റ്റ് ബേസിക് യു പി സ്കൂൾ മങ്കര-യിലെ നാട്ടുപൂന്തോട്ടത്തിന് സ്പ്രിങ്ക്ളർ സ്ഥാപിക്കുന്നതിനായി ഹൈ റേഞ്ച് ഇറിഗേഷൻസ്, മുളയം, വളക്കാവ് എന്ന സ്ഥാപനത്തിന് 7333 രൂപ 30.03.20-ന് നല്കിയെങ്കിലും ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്നാണ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിച്ചത്. ഇത് പദ്ധതി നിർവഹണത്തിലെ

വീഴ്ചയായി കരുതുന്നു. ഓർണമെന്റൽ പ്ലാന്റ്സ്, മറ്റു തൈകൾ എന്നിവ വാങ്ങുകയും നടുകയും ചെയ്തിട്ടുണ്ടെങ്കിലും ഇവയ്ക്കാവശ്യമായ പരിപാലനം ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പദ്ധതി തുക ചെലവഴിക്കുക മാത്രമല്ലാതെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർനടപടികളും ഉറപ്പുവരുത്തേണ്ടതാണ്. ഭാവി തലമുറയുടെ നിലനിൽപ്പിന് അവശ്യമായ ജൈവ വൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തേണ്ടത് ഓരോ പൗരന്റെയും കർത്തവ്യമാണ്. സ്കൂളുകൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പദ്ധതി തുക വിനിയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ തുടർ മോണിറ്ററിംഗ് സ്ഥാപനതലവൻമാരും മറ്റു പൊതു സ്ഥലങ്ങൾ, പഞ്ചായത്ത് അധീനതയിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നവയുടെ തുടർ മോണിറ്ററിംഗ് നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും നടത്തേണ്ടതും പരിപാലനത്തിനായി തൊഴിലുറപ്പു ജീവനക്കാരുടെ പ്രവർത്തനം കൂടി ഉപയോഗപ്പെടുത്തേണ്ടതുമാണ്. ലഭ്യമായ തുക നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗിക്കേണ്ടതും പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗ് നടത്തി, തുടർപ്രവർത്തനങ്ങളുടെ വിവരം, GHSS മങ്കരയിലെ നാട്ടുപൂന്തോട്ടത്തിനായി നൽകിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെയും ശലഭോദ്യാനം സജ്ജമാക്കിയതിന്റെ വിവരം എന്നിവയും അറിയിക്കേണ്ടതുമാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 92 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 41 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 25 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 67 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹31139624 വകയിരുത്തിയതിൽ ₹13279412 ആണ് ചെലവഴിച്ചിട്ടുള്ളത്. 42.6% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹17860212/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

അസിസ്റ്റന്റ് എഞ്ചിനിയർ 2/2020, 3/2020 മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച ട്രഷറി ബിൽ ബുക്കിലെ ക്രമനം.44 മുതൽ 80 വരെയുള്ള ₹9473352/-യുടെ 37 ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1155000 | 458276 | 696724 |
| പൊതുവിഭാഗം(എസ്.സി.പി) | 3874296 | 2596028 | 1278268 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7897000 | 4547002 | 3349998 |
| പ്രത്യേക ഗ്രാന്റ് | 700000 | 0 | 700000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1510000 | 974090 | 535910 |
| തനതു ഫണ്ട് | 554000 | 0 | 554000 |
| മെയി.ഫണ്ട്(റോഡ്) | 13198328 | 3766451 | 9431877 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 2251000 | 937565 | 1313435 |
| ആകെ | 31139624 | 13279412 | 17860212 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്,

റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

. 13/21- മഞ്ഞക്കര അംഗൻവാടി കെട്ടിടം

. 14/21 -അതിർക്കാട് അംഗൻവാടി കെട്ടിടം

. 60/21 -വി.ഇ.ഒ. ഓഫീസ് നവീകരണം

. 62/21 -വെറ്ററിനറി കല്ലൂർ നവീകരണം -കുടിവെള്ള സൗകര്യം ഒരുക്കൽ

. 67/21 -ഹോമിയോ ആശുപത്രി ടെറസ് വർക്കും റൈൻ ഹാർവെസ്റ്റിംഗ് സൗകര്യം

. 213/21 -അംഗൻവാടികളുടെ പുനരുദ്ധാരണം

. 227/21 -കുനിയംപാടം അംഗൻവാടി ടെറസ്സ് വർക്ക് ചെയ്യൽ

താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

. 141/21 -അതിർക്കാട് റോഡ് (പുഴ ഭാഗം) മെയിന്റനൻസ്)

. 160/21 -പഞ്ചായത്ത് ഓഫീസ് ഷട്ടർ മാറ്റി സ്ഥാപിക്കൽ

. 162/21 -ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം

. 164/21 -താവളം കളത്തിൽ റോഡ് കോൺക്രീറ്റും സൈഡ് പ്രൊട്ടക്ഷനും

. 187/21 – അത്താണിപറമ്പ് കരിയാട്ട് പറമ്പ് റോഡ് ഭിത്തി സംരക്ഷണവും റീടാറിംഗും

3. ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിക്കുന്ന ആസ്തികൾ എന്നിവ കൂടി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. മിക്ക പ്രവൃത്തികളിലും നെയിം ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ നെയിം ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

6 എ. പ്രോജക്ടുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 92 മരാമത്ത് പ്രവൃത്തികളിൽ 25 എണ്ണം (27%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗിനുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 92 മരാമത്ത് പ്രവൃത്തികളിൽ 24 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 38 പ്രവൃത്തികൾ ടാറിംഗ് പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/7.3.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ

അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-35 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 136/20 -കിണർ മെയിന്റനൻസ്<br>അടങ്കൽ - 300000- Plan(CFC)<br>PAC- 298908<br>APAC- 298908<br>കരാറുകാരൻ - ശ്രീ.സി.എം.ബഷീർ<br>എഗ്രിമെന്റ് നം.: 20/19.12.2017<br>അളവു പുസ്തകം - 290/2017-18<br>ചെലവ് - 295917<br>(ബിൽ നം.2/26.6.2019)<br>പൂർത്തീകരണ കാലാവധി - 6 മാസം (TSപ്രകാരം) | 18-6-2018 | 21-2-2019 | --- | 8967 (3%) | 8967 |

| | | |
|---|---|---|
| | 18.6.2018നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. പ്രളയം കാരണം 19.6.2018 മുതൽ 19.2.2019 വരെ പൂർത്തീകരണ കാലാവധി ഫൈനില്ലാതെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 25.10..2018ലെ 1(9)-ാം നം. ഭരണ സമിതി തീരുമാനം പ്രകാരം പ്രളയ കെടുതി മൂലമുണ്ടായ വ്യതിയാനം കാരണം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. 19.12.2017ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 18.6.2018നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 21.2.2019നാണ്. ആഗസ്റ്റ് 2018ലാണ് പ്രളയം ഉണ്ടായിരുന്നത്. യഥാർത്ഥത്തിൽ പ്രളയത്തിനു മുൻപു തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടി യിരുന്നു. അതിനാൽ ഫൈനില്ലാതെ പിഴ ഈടാക്കിയത് ക്രമപ്രകാരമല്ല. | |
| | ആകെ ഈടാക്കേണ്ട തുക | 8967 |

തുക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/7.3.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-36 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമാവുന്ന തുകകൾ സൂക്ഷിക്കുന്നതിനു വേണ്ടി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പാസ്ബുക്ക് പരിശോധധക്ക് ഹാജരാക്കാനും ടി അക്കൗണ്ടിലെ ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരവും തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/7.3.2022 ന് മറുപടി ലഭ്യമാക്കുകയോ പാസ്ബുക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പാസ് ബുക്കിലെ ടെണ്ടർ ഫോം വില ഇനത്തിലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-37 പഞ്ചായത്ത് ആസ്തികൾ - പ്രവർത്തനക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമായിട്ടില്ല. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 24/8.3.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ ആസ്തിമൂല്യം ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-37-1 പകൽവീട്

S0153/20 - പകൽവീട് പൂർത്തീകരണം

അടങ്കൽ -₹500000- Plan (Gen)

₹500000 -CFC

----------------

ആകെ - ₹1000000/-

===============

ചെലവ് - ₹458276/- -ബിൽ നം. 21/30.9.2019

₹500000/- ബിൽ നം. 22/30.9.2019

8.3.2022ന് നടത്തിയ ഫീൽഡ് പരിശോധനയിൽ പകൽ വീട് നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടു.







പകൽ വീടിന്റെ ഉൾവശം




പകൽ വീട്ടിലേക്കുള്ള വഴി

നിലവിൽ പകൽ വീടിന്റെ ഉള്ളിൽ വവ്വാലുകൾ കയറി വൃത്തികേടായ അവസ്ഥയിലാണ് ഉള്ളത്. പകൽ വീടിലേക്ക് വഴി സൗകര്യം വയോജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം അല്ല ഉള്ളത്. പകൽ വീട് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37-2 കല്ലൂർ മുക്കാട്ട്കുന്ന് എസ്.സി. വനിത തൊഴിൽശാല

S0148/20 -കല്ലൂർ മുക്കാട്ട്കുന്ന് എസ്.സി. വനിത തൊഴിൽശാല നവീകരണവും വൈദ്യുതീകരണവും

അടങ്കൽ - ₹630000 – Plan (SCP)

ചെലവ് - ₹258539/- -ബിൽ നം. 13/4.7.2019

നിലവിലുള്ള വനിതാ തൊഴിൽ ശാലയുടെ റൂഫ് ഷീറ്റ് മാറ്റി RCC സ്ലാബ് ആക്കുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനും ചുറ്റമതിൽ ചെയ്യുന്നതിനും പ്രൊജക്ട് വിഭാവനം ചെയ്യുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. താഴത്തെ നിലയിൽ ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ മുകളിലത്തെ നില കൂടി 20-21, 21-22 വർഷങ്ങളിലായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.



SC വനിതാ വിപണന കേന്ദ്രം

നിലവിൽ വെള്ള സൗകര്യം ഇല്ല. വനിതാ തൊഴിൽ ശാല പ്രവർത്തന ക്ഷമമായിട്ടില്ല. വനിതാ തൊഴിൽ ശാല പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37-3 മുക്കാട്ടുകുന്ന് എസ്.സി. സാമൂഹ്യ പഠന കേന്ദ്രം

S0098/19 – മുക്കാട്ടുകുന്ന് എസ്.സി. സാമൂഹ്യ പഠന കേന്ദ്രം

അടങ്കൽ - ₹630000 -Plan (Gen)

ചെലവ് - ₹346617/- (18-19)

₹226318/- ബിൽ നം. 14/4.7.19 (2019-20)

എസ്.സി. പഠനകേന്ദ്രം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.



ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടില്ല. നിലവിൽ വെള്ള സൗകര്യം ഇല്ല. എസ്.സി. പഠനകേന്ദ്രം പ്രവർത്തന ക്ഷമമായിട്ടില്ല. എസ്.സി. സാമൂഹ്യ പഠന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 4 പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ബാരലിന്റെ വിലയായ ₹12614 ഉം GST ₹2279 യും കൂടി ആകെ ₹14893/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-39 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് നടത്തുന്നില്ല

സ.ഉ.(കൈ) നം. 11/2018/തസ്വഭവ/തിയതി 29.1.2018 ലെ ഖണ്ഡിക 3.1.2.(ബി) 13 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2019-20 വർഷത്തെ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/7.3.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | S0033/19 -ആലിക്കൽ പറമ്പ് റോഡ് മെയിന്റനൻസ് അടങ്കൽ - 350000 MG (R) കരാറുകാരൻ - ശ്രീ. | ബിൽ നം. 9/26.6.2019 ചെലവ്: - 288163 | RS1- 145.37 VG 30 - 1115.35 SS1-449.31 | 0.73 7.15 2.47 10.35 Barrel |

| | | | | |
|---|---|---|---|---|
| | രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം.:25/23.8.2018<br>അളവു പുസ്തകം - 92/18 | | | |
| | ബാരലിന്റെ വില - 10x281 = ₹2810 (2380 + 430 – GST) | | | |
| 2 | 156/20 -മേപ്പാടം -പാണ്ടിയോട് വട്ടപ്പൊറ്റ കക്കോട് റോഡ് മെയിന്റനൻസ്<br>അടങ്കൽ - 300000 MG(R)<br>കരാറുകാരൻ - ശ്രീ. രമേഷ്.വി.ആർ<br>എഗ്രിമെന്റ് നം.:28/23.8.2018<br>അളവു പുസ്തകം - 77/18 | ബിൽ നം. 10/26.6.2019<br>ചെലവ്: - 294518 | RS1- 148.58<br>VG 30 –1140.03<br>SS1–459.26 | 0.74<br>7.31<br>2.52<br>10.57 Barrel |
| | ബാരലിന്റെ വില - 11x281 = ₹3091 (2618 + 473– GST) | | | |
| 3 | 138/20 -മയിലാവ് വെഴത്തൻകാവ് റോഡ് മെയിന്റനൻസ്<br>അടങ്കൽ - 250000 MG(R)<br>കരാറുകാരൻ - ശ്രീ. ജയദേവൻ.കെ.<br>എഗ്രിമെന്റ് നം.:35/31.8.2018<br>അളവു പുസ്തകം - 68/18 | ബിൽ നം. 12/26.6.2019<br>ചെലവ്: - 250000 | RS1- 194<br>VG 30 – 2067.44 | 0.97<br>13.25<br>14.22 Barrel |
| | ബാരലിന്റെ വില - 14x281 = ₹3934 (3332 + 602 – GST) | | | |
| 4 | 155/20 -മാനംകുളം -ഭരതക്കാട് റോഡ് മെയിന്റനൻസ്<br>അടങ്കൽ - 300000 MG (R)<br>കരാറുകാരൻ - ശ്രീ. പി.സി.വാസുദേവൻ | ബിൽ നം. 18/24.7.2019<br>ചെലവ്: - 200900<br>19/9.8.2019<br>91194 | RS1- 306.22<br>VG 30 – 2585.89 | 1.53<br>16.58<br>18.11 Barrel |

| | | | | |
|---|---|---|---|---|
| | എഗ്രിമെന്റ് നം.:36/1.9.2018<br>അളവ് പുസ്തകം - 78/18 | | | |
| | ബാരലിന്റെ വില - 18x281 = ₹5058 (4284 + 774 – GST) | | | |
| | ആകെ ബാരലിന്റെ വില = ₹14893 (12614 +2279 -GST) | | | |

ബാരലിന്റെ വിലയായ ₹12614 ഉം GST ₹2279 യും കൂടി ആകെ ₹14893 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 16/7.3.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-20 | 22-2-2022മുതൽ 2-3-2022 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 43047 | ലൈഫ് മിഷൻ -ജനറൽ | 0 | 376146 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 333099 | ലൈഫ് മിഷൻ -ജനറൽ | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 854420 | 31/20 -നെൽകൃഷി ക്കുള്ള കൂലിചെലവ് | 854420 | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 31589 | പൂരക പോഷകാ ഹാരം-SNP | 0 | 31589 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50000 | 22/20-ശാരീരിക മാനസിക | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർ ക്കുള്ള സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 100/20-പാൽ സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 35106 | ലൈഫ് മിഷൻ | 0 | 663350 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 628244 | | | |

4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നല്കിയ തുക

തൻവർഷം ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2980000/- വരവുണ്ട്. ഇതിൽ ₹2820000 - തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. ₹160000/- വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No. 68/2018. LSGD Dt.18.5.2018 | 10576401 (2018-19) + 2980000 (2019-20)ലെ വരവ് | 10576401 | 480000 + 955883 | | 12120518 |

ഉറവിടത്തിൽ നിന്ന് 955883 രൂപയും ഗ്രാമപഞ്ചായത്ത് നേരിട്ട് 480000 രൂപയും തിരിച്ചടച്ചിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത | നിലവിൽ സമിതിയുടെ പരിഗണനയിൽ ആണ്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹57484209/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹60786182/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹14893 |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹8967/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14893 | ശ്രീ. സബ്ല.ജെ അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 14893 | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 8967 | ശ്രീ. സബ്ന.ജെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8967 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | |
|---|---|
| 3-1 | 2279 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ, മങ്കര ഗ്രാമപഞ്ചായത്ത് | E-IC, ന്യൂ സിവിൽ നഗർ, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി6-629/96/12.11.96 | KSA.PKD 17/973/208 Dt.9.10.2018 പ്രകാരം തീർപ്പാക്കി |
| 97-98 | എൽ.എഫ്.പി7-1015/01/31.10.01 | |
| 98-99 | എൽ.എഫ്.പി 7-610/02/4.9.02 | |
| 99-2000 | എൽ.എഫ്.പി 12-997/03/31.10.02 | |
| 2000-01 | എൽ.എഫ്.പി 12-8/8.5.04(plan) | |
| 2000-01 | എൽ.എഫ്.പി12-453/A/04/12.8.04 | |
| 2001-02 | എൽ.എഫ്.പി12 -453/B/04/ 12.8.04 | |
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | 9 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | 6 |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | 1 |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | 1 |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | 1 |
| 2007-08 | എൽ.എഫ്.പി 12-538/09/8.3.11 | തീർപ്പാക്കി |
| 2008-09 | എൽ.എഫ്.പി171365/12/23.12.12 | തീർപ്പാക്കി |
| 2009-10 | എൽ.എഫ്.പി 12-2066/11/23.12.11 | 1 |
| 20010-11 | എൽ.എഫ്.പി 17-1422/13/4.3.14 | തീർപ്പാക്കി |
| 2011-12 | എൽ.എഫ്.പി 17-1175/14/17.7.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.പി 17-636/15/6.7.15 | തീർപ്പാക്കി |
| 2013-14& 2014-15 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി-17-2253/2016 /24.12.2016 | 16 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.17-1686/2017 /18.09.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി.17-2430/2018 /12.02.2019 | 10 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി 17-120/2020 /04.06.2020 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ കണക്ക്-വിവിധ പത്രികകൾ

| | | | |
|---|---|---|---|
| | Mankara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19408001.00 |
| Cash | Cash | RP-40(a) | 70965.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 615330.00 |
| 130000000 | Rental income from Panchayat Properties | RP-3 | 722500.00 |
| 140000000 | Fees & User Charges | | 398891.00 |
| 150000000 | Sale & Hire Charges | RP-5 | 77798.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35036638.00 |
| 171000000 | Interest Earned | RP-9 | 55524.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13033093.00 |
| 350000000 | Other Liabilities | RP-36 | 50495.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 4385.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 59840.00 |
| 330000000 | Secured Loans | RP-32 | 2980000.00 |
| 340000000 | Deposits Received | RP-34 | 604407.00 |
| 350000000 | Other Liabilities | RP-36 | 283195.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2422132.00 |
| 460000000 | Loans, Advances and Deposits | RP-47 | 1139981.00 |
| | Grand total | | 76963175.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3967495.00 |
| 220000000 | Administrative Expenses | RP-12 | 1096669.00 |
| 230000000 | Operations & Maintenance | RP-13 | 1918828.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5751563.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 21604085.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | 17 | 3459679.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 3127840.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 139339.00 |
| 255000000 | Maintenance Projects | RP-20 | 7277301.00 |
| 280000000 | Prior Period item | RP-26 | -2128.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 119478.00 |
| 350000000 | Other Liabilities | RP-36 | 4510403.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3168.00 |
| 280000000 | Prior Period Item | RP-26 | -96250.00 |
| 311000000 | Earmarked Funds | RP-29 | 27110.00 |
| 330000000 | Secured Loans | RP-32 | 480000.00 |
| 340000000 | Deposits Received | RP-34 | 417039.00 |
| 350000000 | Other Liabilities | RP-36 | 1540278.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 1355428.00 |
| 440000000 | Pre-paid Expenses | RP-45 | 2820000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1268857.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16176993.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 76963175.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Mankara Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 3269990.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 722500.00 |
| 140000000 | Fee & User Charges | 1-4(b) | 536311.00 |
| 150000000 | Sale & Hire Charges | 1-5(b) | 77798.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 82218833.00 |
| 171000000 | Interest Earned | 1-8 | 55524.00 |
| 180000000 | Other Income | 1-9 | 586268.00 |
| | Total Income | | 87467224.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-IO(b) | 10085480.00 |
| 220000000 | Administrative Expenses | 1-11(b) | 1096669.00 |
| 230000000 | Operations & Maintenance | 1-12(b) | 1918828.00 |
| 240000000 | Interest & Finance Charges | 1-13 | 3168.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 14 | 5751563.00 |
| 251000000 | Decentralised Plan Programme-Service Sector | I- 14(a) | 44703319.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | I— 14(b) | 3459679.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 3127840.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I— 14(d) | 9921139.00 |
| 255000000 | Maintenance Projects | 1-14(e) | 7277301.00 |
| 272000000 | Depreciation | 1-17(a) | 3858132.00 |
| | Total Expenditure | | 91203118.00 |
| | Gross Surplus/ Deficit of income over Expenditure | | -3735894.00 |
| 280000000 | Prior Period Item | 1-18 | -3143800.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -592094.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Mankara Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 12144386.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund,ʳrrust or<br>Agency Fund | | 61650.00 |
| 312000000 | Reserves | B-3 | 35111542.00 |
| | Total Reserve & Surplus | | 47317578.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 10008878.00 |
| | Total Grants, Contributions for Specific Purposes | | 10008878.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12120518.00 |
| | Total Loans | | 12120518.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 465839.00 |
| 341000000 | Deposits Works | | 0.0 |
| 350000000 | Other Liabilities | | 1700718.85 |
| | Total Current Liabilities and Provisions | | 2166557.85 |
| | TOTAL LIABILITIES | | 71613532.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 51608586.00 |
| 411000000 | Accumulated | B-11 | -9635966.00 |

| | | | |
|---|---|---|---|
| | Depreciation | | |
| 412000000 | Capital Work in Progress | | 0.0 |
| | Total Fixed Assets | | 41972620.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 694224.00 |
| 440000000 | Pre-paid Expenses | B-16 | 11960518.00 |
| 450000000 | Cash and Bank Balance | B — 17 | 16176993.00 |
| 460000000 | Loans, Advances and Deposits | B-18 | 809177.00 |
| | Total Current Assets, Loans and Advances | | 29640912.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 71613532.00 |

ഡെപ്യൂട്ടി ഡയറക്ടർ